MALAYALA MANORAMA - 09-10-2025

# സിഫ്നെറ്റിൽ ഫിഷിങ് ടെക്നോളജി പ്രദർശന ഹാൾ

കൊച്ചി • സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എൻജിനീയറിങ് ട്രെയ്നിങ്ങിലെ (സിഫ്നെറ്റ്) ഫിഷിങ് ടെക്നോളജി പ്രദർശന ഹാളും സ്മാർട് ക്ലാസ് മുറിയും കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. തദ്ദേശീയ മത്സ്യബന്ധന ഉപകരണങ്ങൾ, യന്ത്രവൽകൃത ബോട്ടുകൾ, വിവിധ മത്സ്യബന്ധന രീതികൾ ചിത്രീകരിക്കുന്ന ചെറുരൂപങ്ങൾ തുടങ്ങിയവയാണു ഫിഷിങ് ടെക്നോളജി പ്രദർശന ഹാളിലുള്ളത്.

സിഫ്നെറ്റ് ഡയറക്ടർ എം.ഹബീബുല്ല ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷനായി.

ഫിഷറി സർവേ ഓഫ് ഇന്ത്യ ഡയറക്ടർ ജനറൽ ഡോ. കെ.ആർ.ശ്രീനാഥ്, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആൻഡ് ട്രെയ്നിങ് ഡയറക്ടർ ഡോ. സി.എസ്.ഷൈൻ കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. സിഫ്നെറ്റിലെ മുൻ ചീഫ് ഇൻസ്ട്രക്ടർമാരെയും സാങ്കേതിക ജീവനക്കാരെയും ആദരിച്ചു.



സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എൻജിനീയറിങ് ട്രെയ്നിങ്ങിലെ (സിഫ്നെറ്റ്) ഫിഷിങ് ടെക്നോളജി പ്രദർശന ഹാളും സ്മാർട് ക്ലാസ് മുറിയും ഉദ്ഘാടനം ചെയ്തശേഷം കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഹാളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ക്രോസ് ബോ കയ്യിലെടുത്തപ്പോൾ. ഫിഷറി സർവേ ഓഫ് ഇന്ത്യ ഡയറക്ടർ ജനറൽ ഡോ. കെ.ആർ.ശ്രീനാഥ്, സിഫ്നെറ്റ് ഡയറക്ടർ എം.ഹബീബുല്ല എന്നിവർ സമീപം. ചിത്രം: മനോരമ